# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1054** 21/03/2013 ൽ മറുപടിക്ക്

ആർ.എം.എസ്.എ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ആർ.എം.എസ്.എ പദ്ധതി എത്ര സ്കൂളുകളിലാണ് നടപ്പാക്കിയിട്ടുള്ളതെന്നും അവ എന്നാണ് ആരംഭിച്ചതെന്നും അറിയിക്കാമോ; | എ) | ആർ.എം.എസ്.എ പദ്ധതി പ്രകാരം 2009-10 ൽ 60 സ്കൂളുകളും 2010-11 ൽ 36 സ്കൂളുകളും 2011-12 ൽ 16 സ്കൂളുകളും ഹൈസ്കൂളാക്കി ഉയർത്താൻ കേന്ദ്രാനുമതി ലഭിച്ചിരുന്നു. ഇതിൽ 60 സ്കൂളുകൾ 2011-12 ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 36 സ്കൂളുകൾ അപ് ഗ്രേഡ് ചെയ്ത് ഹൈസ്കൂളുകളാക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 16 സ്കൂളുകളുടെ അപ് ഗ്രഡേഷൻ പരിശോധിച്ചുവരികയാണ്. |
| ബി) | ആർ.എം.എസ്.എ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചിരുന്നുവോ എന്നും എത്രയെണ്ണത്തിന് കെട്ടിടം നിർമ്മിച്ചുവെന്നും അറിയിക്കാമോ; | ബി) | 60 സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചിരുന്നു. കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | പ്രസ്തുത സ്കൂളുകളിൽ ഇംഗ്ളീഷ് ഭാഷാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വ്യക്തമാക്കാമോ; | സി) | നിയമിച്ചിട്ടില്ല. ആർ.എം.എസ്.എ മാനദണ്ഡമനുസരിച്ച് ഇംഗ്ലീഷിന് പ്രത്യേക തസ്തിക അനുവദിച്ചിട്ടില്ല. |
| ഡി) | ആർ.എം.എസ്.എ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാനും ഇംഗ്ളീഷ് ഭാഷാദ്ധ്യാപകരെ നിയമിക്കാനും | ഡി) | ആർ.എം.എസ്.എ മാനദണ്ഡമനുസരിച്ച് 2 ഭാഷാദ്ധ്യാ പക |

| | | | |
|---|---|---|---|
| | സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | തസ്തികകളും നാല് വിഷയാദ്ധ്യാപക തസ്തികകളുമാണ് അനുവദിച്ചിട്ടുള്ളത്. അധിക തസ്തികകൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| ഇ) | ആർ.എം.എസ്.എ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാനും ഇംഗ്ളീഷ് ഭാഷാദ്ധ്യാപകരെ നിയമിക്കാനും സമയബന്ധിതമായി നടപടി സ്വീകരിക്കുമോ? | ഡി) | നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ